**അടിയന്തരപ്രമേയം**

വൈദ്യുതി നിരക്ക് വർദ്ധനവ്

മി. സ്പീക്കർ: സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിച്ചതുമൂലം ജനജീവിതം ദുസ്സഹമായതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അൻവർ സാദത്ത്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താരിഫ് വർദ്ധനവ് തീരുമാനിക്കുന്നത് സർക്കാരല്ല. വൈദ്യുതി ബോർഡിന്റെ വരവുചെലവുകൾ പരിശോധിക്കുന്നതും പബ്ലിക് ഹിയറിംഗ് നടത്തി വൈദ്യുതി കമ്മി നികത്തുന്നതിനാനുപാതിമായ താരിഫ് പരിഷ്കരണം തീരുമാനിക്കുന്നതും സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ്. പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന ലാഭത്തിന്റെ കണക്കുകൾ വാസ്തവ വിരുദ്ധമാണ്. പ്രമേയത്തിൽ 2018-19-ൽ 208 കോടി രൂപയുടെ ലാഭമാണെന്നാണ് പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ 2018-19-ൽ 290 കോടി രൂപയുടെ നഷ്ടമാണുള്ളത്. 2019-20-ൽ 269 കോടി

രൂപയുടെ നഷ്ടവും 2020-21-ൽ 1822 കോടി രൂപയുടെ നഷ്ടവുമാണുണ്ടായത്. 2021-22-ൽ മാത്രം 1400 കോടി രൂപയുടെ പ്രവർത്തന ലാഭവുമുണ്ട്. സഞ്ചിത നഷ്ടം **16**800 കോടി രൂപയും ലോൺ ബാധ്യത 10600 കോടി രൂപയുമാണ്. ഇതാണ് അതിന്റെ കണക്കുകൾ. സാധാരണക്കാരന് യാതൊരുവിധത്തിലും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ജനങ്ങൾക്ക് വലിയ ബാധ്യതയുണ്ടാകാതെയും കെ.എസ്.ഇ.ബി.എൽ.-ന്റെ നിലനിൽപ്പും കണക്കാക്കിയാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്ക് പുതുക്കിയിരിക്കുന്നത്. അവസാനമായി വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചത് 2019 ജൂലൈ 08-ാം തീയതിയാണ്. അതിനുശേഷം, കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ മൊത്ത വില സൂചികയിൽ 19 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയെങ്കിലും വർദ്ധിച്ചിരിക്കുന്നത് 6.6% മാത്രമാണ്. ദുർബല വിഭാഗങ്ങൾക്കും കാർഷിക ഉപഭോക്താക്കൾക്കും ചെറുകിട വ്യവസായങ്ങൾക്കും ചെറുകിട കർഷകർക്കും താരിഫ് വർദ്ധനവ് ഇല്ലെന്ന കാര്യം പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. താരിഫ് വർദ്ധനവില്ലാത്ത വിഭാഗങ്ങൾ 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡും പ്രതിമാസം 40 യൂണിറ്റുവരെ

ഉപയോഗമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനവില്ല. പ്രതിമാസം 50 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്കും വർദ്ധനവില്ല. ഏകദേശം 25 ലക്ഷത്തോളം ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ തുടങ്ങിയ വിഭാഗങ്ങൾക്കും താരിഫ് വർദ്ധനവില്ല. ഏകദേശം 35200 ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള കുടുംബങ്ങളിൽ കാൻസർ രോഗികളോ സ്ഥിരമായി അംഗവൈകല്യം ബാധിച്ചവരോ ഉണ്ടെങ്കിൽ അവർക്കും താരിഫ് വർദ്ധനവില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സൗജന്യ നിരക്ക് അതേപടി നിലനിർത്തിയിട്ടുണ്ട്. ചെറിയ പെട്ടിക്കടകൾ, ബാങ്കുകൾ, തട്ടുകടകൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് കുറഞ്ഞ നിരക്കിലുള്ള താരിഫ് ആനുകൂല്യം 1000 വാട്ട്സിൽനിന്നും 2000 വാട്ട്സായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഏകദേശം 5.5 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും. കാർഷിക ഉപഭോക്താക്കൾക്ക് എനർജി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ഏകദേശം 4.76 ലക്ഷം

ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും. 10 കിലോവാട്ട്സ് വരെ കണക്റ്റ്ഡ് ലോഡുള്ള ചെറുകിട വ്യവസായങ്ങളായ അരിപൊടിക്കുന്ന മില്ലുകൾ, തയ്യൽ ജോലി ചെയ്യുന്നവർ, തുണിതേച്ചുകൊടുക്കുന്നവർ തുടങ്ങിയ ചെറുകിട സംരംഭകർക്ക് വൈദ്യുതി നിരക്കിലുള്ള ആനുകൂല്യം തുടരുന്നതാണ്. ഈ വിഭാഗങ്ങൾക്ക് ശരാശരി യൂണിറ്റിന് 15 പൈസയുടെ താരിഫ് വർദ്ധനവ് മാത്രമാണുള്ളത്. പ്രതിമാസം 150 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പരമാവധി വർദ്ധനവ് യൂണിറ്റിന് 25 പൈസയിൽ താഴെമാത്രമാണ്. ഏകദേശം 28 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. കെ.എസ്.ഇ.ബി.എൽ. അക്കൗണ്ടിംഗ് സിസ്റ്റം പിന്തുടരുന്നതിനാൽ താരിഫ് നിർണ്ണയത്തിൽ കുടിശ്ശിക ഒരു ഘടകമല്ല. ഡിമാൻഡ് ചെയ്യുമ്പോൾത്തന്നെ തുക വരുമാനത്തിലേയ്ക്ക് വകയിരുത്തും. എങ്കിലും നിലവിലുള്ള കുടിശ്ശിക താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| മൊത്തം കുടിശ്ശിക | - | 2789 കോടി രൂപ. |
| സർക്കാർ കുടിശ്ശിക | - | 1300 കോടി രൂപ. |
| വാട്ടർ അതോറിറ്റി | - | 1000 കോടി രൂപ. |

കോടിതി വ്യവഹാരങ്ങൾ - 336 കോടി രൂപ.

മറ്റുസ്വകാര്യ കുടിശ്ശിക - 1151 കോടി രൂപ.

കുടിശ്ശിക പിരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാലാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കേണ്ടിവന്നത്. ലാഭമുള്ള 1400 കോടി രൂപ ഈ വർഷം കണക്കാക്കുകയില്ല, അടുത്ത വർഷമേ കണക്കാക്കുകയുള്ളൂ. അതിനാലാണ് റെഗുലേറ്ററി കമ്മീഷൻ അങ്ങനെ തീരുമാനമെടുത്തത്. ആയതിനാൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഒരു ജനകീയ വിഷയത്തിന്മേലുള്ള ചർച്ച ആവശ്യപ്പെട്ടുകൊണ്ടാണ് അടിയന്തരപ്രമേയ നോട്ടീസുമായി ഇന്ന് പ്രതിപക്ഷം വന്നിരിക്കുന്നത്. റെഗുലേറ്ററി കമ്മീഷൻ 6.6 ശതമാനമാണ് വർദ്ധിപ്പിച്ചതെന്ന് അദ്ദേഹം പറയുകയുണ്ടായി. പക്ഷെ 18 ശതമാനം വർദ്ധനവാണ് ഗവൺമെന്റ് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നത്. ജനങ്ങളോട് ഈ സർക്കാരിനെക്കാൾ കൂടുതൽ പ്രതിബദ്ധത റെഗുലേറ്ററി കമ്മീഷനുള്ളതുകൊണ്ടാണെന്ന് തോന്നുന്നു അത് 6.6 ശതമാനമാക്കിയത്.

സർക്കാർ എന്തിനാണ് ഭരിക്കുന്നത്; സർക്കാരല്ലേ ഭരിക്കേണ്ടത്; സർക്കാരല്ലേ തീരുമാനമെടുക്കേണ്ടത്; അതിനല്ലേ ജനങ്ങൾ രണ്ടാം തവണയും ഈ സർക്കാരിനെ തെരഞ്ഞെടുത്ത് അധികാരത്തിലെത്തിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ തികഞ്ഞ പരാജയമാണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ പ്രധാനപ്പെട്ട ഈ വിഷയം അടിയന്തരപ്രമേയമായി ഉന്നയിച്ചത്. ഇന്ന് സർക്കാർ ഏൽപ്പിക്കുന്ന വൈദ്യുത പ്രഹരമേറ്റ് ജനങ്ങൾ തളരുകയാണ്. മാസാവസാനം വൈദ്യുതി ബിൽ കയ്യിൽ കിട്ടുമ്പോൾ 11 കെ.വി.-ൽനിന്നും ഷോക്കടിക്കുന്നപോലെയാണ് അവരുടെ അവസ്ഥ. ഈ സർക്കാർ സാധാരണക്കാരായ ജനതയെ കണ്ടില്ലെന്ന് നടിക്കുകയാണ് ചെയ്യുന്നത്. കോവിഡ് വന്നപ്പോൾ വലിയ സാമ്പത്തിക പ്രതിസന്ധിയാണെന്നാണ് ഈ സർക്കാർ അവകാശപ്പെടുന്നത്. ഇവിടുത്തെ ജനങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ് മുന്നോട്ടുപോകുന്നത്. ജനങ്ങളുടെ സാമ്പത്തിക പ്രതിസന്ധി ആര് പരിഹരിക്കും; കോവിഡ് വന്നതിനുശേഷം അതിന് വ്യക്തമായ, ജനങ്ങൾക്ക് ആശ്വാസകരമായ ഒരു തീരുമാനംപോലുമെടുക്കാതെ ഈ സർക്കാർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ആ സമത്താണ് ഇലക്ട്രിസിറ്റി ചാർജ്ജ്

വർദ്ധനവിലൂടെ സർക്കാർ ജനങ്ങളുടെമേൽ വലിയൊരു പ്രഹരം ഏൽപ്പിച്ചിരിക്കുന്നത്. അതിന് ഒരു പരിഹാരമുണ്ടാക്കുന്നതിനുപകരം ജനങ്ങളുടെമേൽ ഓരോ രീതിയിലും അമിതഭാരം ഏൽപ്പിക്കുന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഈ ചാർജ്ജ് വർദ്ധനവിലൂടെ ഉണ്ടായിരിക്കുന്നത്. നിരക്ക് വർദ്ധനവെന്ന ഒറ്റമൂലിക്കുപകരം വരവും ചെലവും തമ്മിലുള്ള അന്തരം പരിഹരിക്കാൻ മറ്റുമാർഗ്ഗങ്ങൾ തേടുന്നതിന് വൈദ്യുതി ബോർഡ് ഇന്ന് പരാജയപ്പെട്ടിരിക്കുകയാണ്. മറ്റുമാർഗ്ഗങ്ങൾ തേടാതെ നിരക്ക് വർദ്ധനവിലൂടെ ഒറ്റയടിക്ക് ജനങ്ങളുടെമേൽ പ്രഹരമേൽപ്പിക്കുന്ന ഒരു സമീപനമാണ് വൈദ്യുതി വകുപ്പും സർക്കാരും സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ)-ന്റെ ചോദ്യത്തിനുത്തരമായി ഭരണത്തിന്റെ സൗകര്യാർത്ഥമാണ് ഡോ. ബി. അശോകിനെ മാറ്റിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുണ്ടായി. ഇത് ആര് വിശ്വസിക്കണം? ബഹുമാനപ്പെട്ട മന്ത്രി എന്തൊക്കെ ന്യായീകരിച്ചാലും കേരളത്തിൽ അരി ആഹാരം കഴിക്കുന്നവർക്ക് എന്തിനാണ് ഡോ. ബി. അശോകിനെ മാറ്റിയതെന്ന് അറിയാം. അവിടത്തെ ഭരണ നേതൃത്വത്തിലുള്ള യൂണിയനുകളുടെയും അസോസിയേഷന്റെയും

ഇംഗിതത്തിന് വഴങ്ങാതെയും അവർ പറയുന്ന രീതിയിൽ കൊള്ളനടത്താതിരിക്കാൻ പ്രവർത്തിച്ചതുകൊണ്ടും അവർ പറയുന്നവരെ ട്രാൻസ്ഫർ ചെയ്യാതിരുന്നതുകൊണ്ടും മറ്റുകാര്യങ്ങളുമെല്ലാം മനസ്സിലാക്കിക്കൊണ്ടല്ലേ ഗവൺമെന്റ് അവർക്ക് കീഴടങ്ങുന്ന രീതിയിലുള്ള ഒരു സമീപനത്തിലേയ്ക്ക് പോയത്, ബഹുമാനപ്പെട്ട മന്ത്രി ഡോ. ബി. അശോകിനെ മാറ്റിയത്? സി.ഐ.ടി.യു.-വിന്റെയും ഇടതുപക്ഷസംഘടനയുടെയും മുൻമന്ത്രി ശ്രീ. എം. എം. മണിയടക്കമുള്ള സ്റ്റാഫിൽപ്പെട്ടയാളുകളുടെയൊക്കെ നിർബന്ധത്തിനുവഴങ്ങി, ബഹുമാനപ്പെട്ട മന്ത്രി നിസ്സഹായനായി നോക്കി നിൽക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യമാണ് ഇതെന്നാണ് ഞങ്ങൾക്ക് ഇതിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയെ നോക്കുകുത്തിയാക്കി നിർത്തുന്നു. അതൊന്നും ജനങ്ങൾ വിശ്വസിക്കുകയില്ല. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ചില കണക്കുകൾ സൂചിപ്പിച്ചു. പക്ഷെ എന്റെ കയ്യിലുള്ള കണക്ക് അതല്ല. കെ.എസ്.ഇ.ബി. ഇന്ന് ലാഭത്തിലാണെങ്കിൽ പിന്നെ എന്തിനാണ് ജനങ്ങളെ കൊള്ളയടിക്കുന്നതെന്നാണ് എന്റെ ചോദ്യം; കെ.എസ്.ഇ.ബി. നഷ്ടത്തിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു.

ഞാൻ പറയുന്നതല്ല, ഇവിടെ ദേശാഭിമാനി പത്രം തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ട് ഞാൻ വായിക്കാം. ഞങ്ങൾ പറയുന്നതല്ലേ നിങ്ങൾക്ക് അവിശ്വാസമുള്ളത്. ഭരണപക്ഷത്തിരിക്കുന്നവർക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു പത്രമാണ് ദേശാഭിമാനി. ആ പത്രത്തിൽ 2022 ജൂലൈ 13-ാം തീയതി വന്ന വാർത്ത കെ.എസ്.ഇ.ബി.എൽ.-ന് 2018-19-ൽ 208 കോടി രൂപയുടെ ലാഭമുണ്ടായെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 2019-20-ൽ 165 കോടി രൂപയും 2020-21-ൽ 150 കോടി രൂപയുമാണ് ലാഭമുണ്ടായതെന്ന് അവകാശപ്പെടുന്നു. ഇവിടെ അവകാശപ്പെടുന്നതുപോലെ 2021-22 സാമ്പത്തിക വർഷത്തിൽ 1400 കോടി രൂപ പ്രവർത്തന ലാഭമുള്ള കെ.എസ്.ഇ.ബി.എൽ. ആണ് സംസ്ഥാനത്ത് വൈദ്യുതി നിരക്കിൽ 6.6% വർദ്ധനവ് വരുത്തിയിരിക്കുന്നത്. ഇത്രയും ലാഭമുണ്ടെങ്കിൽ എന്തിനാണ് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുന്നതെന്നാണ് എന്റെ ചോദ്യം; പിരിഞ്ഞുകിട്ടാനുള്ള 2771.4 കോടി രൂപ ജനങ്ങളുടെ ചുമലിൽ കെട്ടിവയ്ക്കുന്നത് എന്തിനാണ്; കുടിശ്ശിക ലഭിക്കാനുണ്ടെങ്കിൽ അതെല്ലാം ഗവൺമെന്റ് പിരിച്ചെടുക്കണം. കുടിശ്ശിക

പിരിച്ചെടുക്കാനുള്ള ഉത്തരവാദിത്വം ജനങ്ങൾക്കല്ല, ഗവൺമെന്റിനാണ്. 2021 ഡിസംബർ 31 വരെയുള്ള കണക്കനുസരിച്ച് വൈദ്യുതിചാർജ്ജ് കുടിശ്ശികയിനത്തിൽ 2771 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞ് കിട്ടാനുള്ളത്. ഇതിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക 1020.74 കോടി രൂപയാണ്. 113 സ്വകാര്യ സ്ഥാപനങ്ങളുടെ കുടിശ്ശിക 1023.76 കോടി രൂപയാണ്. വൻകിട ഉപഭോക്താക്കളുടെ കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കാതെ കെ.എസ്.ഇ.ബി.എൽ.-ൽ നടക്കുന്ന കെടുകാര്യസ്ഥതയും അഴിമതിയും പാവപ്പെട്ട ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിൽ നിയമ നടപടിയിൽ കുടുങ്ങിക്കിടക്കുന്നത് 286 കോടി രൂപ മാത്രമാണ്. ഇത് ഒഴിച്ചുനിർത്തിയാൽ 2485 കോടി രൂപ സർക്കാരിന് പിരിച്ചെടുക്കാൻ സാധിക്കും. ഇതിന്റെ പകുതി പിരിച്ചെടുത്താൽത്തന്നെ നിരക്ക് വർദ്ധനയിൽനിന്ന് സംസ്ഥാന സർക്കാരിന് പിന്നോട്ടുപോകാൻ സാധിക്കും. ഈ കുടിശ്ശികയെല്ലാം പിരിച്ചെടുക്കാനുള്ള ഉത്തരവാദിത്വം ആർക്കാണ്? സർക്കാരിനാണ്. ആ സർക്കാർ അത് പിരിച്ചെടുക്കാതെ  വീണ്ടും ജനങ്ങളുടെ, ഞാൻ നേരത്തെ സൂചിപ്പിച്ച, ഒറ്റമൂലി

എന്നൊരു സമ്പ്രദായത്തിലൂടെ ജനങ്ങളിൽനിന്ന് പിഴിഞ്ഞെടുക്കാനുള്ള ഒരു സമീപനമാണ് സ്വീകരിക്കുന്നത്. 40 പൈസയെങ്കിലും ചാർജ്ജ് കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകാൻകഴിയുമെന്നിരിക്കെ എന്തിനാണ് ജനങ്ങളെ ഇങ്ങനെ പിഴിയുന്നത്? യഥാർത്ഥത്തിൽ 40 പൈസയെങ്കിലും ജനങ്ങൾക്ക് കുറച്ച് കൊടുക്കാൻ സാധിക്കും. വരുമാനമുണ്ടാകുമ്പോൾ അതിന്റെ നേട്ടം ഉപഭോക്താക്കൾക്ക് കൈമാറണമെന്നാണ് വൈദ്യുതി നിയമത്തിലെ വ്യവസ്ഥ. അതനുസരിച്ച് ഇപ്പോഴത്തെ കണക്കുപ്രകാരം യൂണിറ്റിന് 40 പൈസയെങ്കിലും കുറയ്ക്കാനാകും. ഇനി ഇതുവരെയുള്ള സഞ്ചിതനഷ്ടം കുറയ്ക്കാൻ അതിൽനിന്ന് ഒരു വിഹിതം എടുത്താൽപ്പോലും 20 പൈസയെങ്കിലും കുറയ്ക്കാമായിരുന്നു. അത് ചെയ്യുന്നതിനുപകരം നിരക്ക് ഉയർത്തിയത് വ്യവസായങ്ങൾക്കുമാത്രമല്ല സാധാരണക്കാരനും അധിക ബാദ്ധ്യതയാണ്. ഒരു സാധാരണക്കാരന്റെ വീട്ടിലെ വൈദ്യുതി ബിൽ അടയ്ക്കാൻ ഒരു ദിവസം താമസിച്ചാൽ എന്തെല്ലാം പുകിലാണ്. അവന്റെ വീട്ടിലെ വൈദ്യുതി മണിക്കൂറുകളോളം മുടക്കില്ലേ; അതുപോലെ നമുക്കറിയാം ഒരു സാധാരണക്കാരൻ ബിൽ അടയ്ക്കാതിരിക്കുമ്പോൾ ആ വൈദ്യുതി കണക്ഷൻ ഡിസ്കണക്ട് ചെയ്യും. കഴിഞ്ഞ

ദിവസം അട്ടപ്പാടി ആദിവാസി മേഖലയിലുള്ള ആശുപത്രിയിലെ വൈദ്യുതി കണക്ഷൻ കട്ട് ചെയ്ത കാര്യം സഭയിൽ സൂചിപ്പിച്ചിരുന്നു. 2405 കോടി രൂപയുടെ വൈദ്യുതി ബിൽ അടയ്ക്കാത്ത വൻകിട ഉപഭോക്താക്കൾക്ക് ഒരു കുഴപ്പവുമില്ല. അവർ ഇന്നും വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ. അവരുടെ വൈദ്യുതി മുടക്കിയിട്ടില്ല. അവർ അടയ്ക്കാത്ത വൈദ്യുതി ചാർജ്ജ്കൂടി നാട്ടിലെ സാധാരണക്കാർക്കും പാവപ്പെട്ട ജനങ്ങൾക്കും വൈദ്യുതി ചാർജ്ജ് വർദ്ധനവിലൂടെ അടയ്ക്കണമെന്ന് പറഞ്ഞാൽപ്പിന്നെ ഇവിടെ എന്തിന് ഇങ്ങനെയൊരു സർക്കാർ എന്നാണ് പ്രതിപക്ഷത്തിന്റെ ചോദ്യം? ഇന്ന് മലയാള മനോരമ പത്രത്തിൽ ഒരു പ്രധാനപ്പെട്ട ഒരു വാർത്തയുണ്ട്. ഉത്തരവ് ലംഘിച്ച് കെ.എസ്.ഇ.ബി.എൽ. കരാറുകാർക്ക് നൽകിയത് 270 കോടി രൂപയുടെ അധിക തുകയാണ്. അതിനകത്ത് വ്യക്തമായി പറയുന്നത്: വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ കണ്ടെത്തൽ, ഉന്നത ഉദ്യോഗസ്ഥർ വൻതുക കമ്മീഷൻ പറ്റിയെന്ന വലിയ ഗുരുതരമായ ആരോപണമാണ്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരിൽനിന്ന് മാത്രമേ വൈദ്യുതി വാങ്ങാൻ പാടുള്ളൂവെന്ന ഉത്തരവ് ലംഘിച്ചാണ് കൂടുതൽ നിരക്ക്

വച്ചവർക്ക് കരാർ അനുവദിച്ചത്. ഇതുസംബന്ധിച്ച് വ്യക്തമായി അന്വേഷിക്കണം. അധികതുക അനുവദിച്ചതിലൂടെ കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ കമ്മീഷൻ ഇനത്തിൽ വൻതുക കൈപ്പറ്റിയെന്ന ആരോപണവുമുണ്ട്. 2018 ഏപ്രിൽ മുതൽ 2020 ഓഗസ്റ്റ് വരെയുള്ള കാലയളവിലാണ് കരാറുകാർ ഈ തുക, അപ്പോൾ 2018-ൽ ആരാണെന്ന് അറിയാമല്ലോ; ഈ തുക അനുവദിച്ചത്. അങ്ങയെ മന്ത്രിയാക്കുന്നതിനുമുമ്പ് ഇതൊക്കെ അടിച്ചുകൊണ്ടുപോയി. അതാണ് ഈ പ്രതിസന്ധി. ഒരു അന്വേഷണവുമില്ല. ഇത്തരം ധൂർത്തിന്റെയും കെടുകാര്യസ്ഥതയുടെയും അധികഭാരത്തിൽനിന്ന് പാവപ്പെട്ട ജനങ്ങളെ സഹായിക്കണമെന്നാണ് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. അൻവർ സാദത്ത്: സർ, അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, ഉയർന്നകൂലി എന്നിവക്കൊപ്പം വൈദ്യുതി ചാർജ്ജുകൂടി വർദ്ധിച്ചപ്പോൾ കഴിഞ്ഞ ഏതാനും വർഷങ്ങൾകൊണ്ട് കേരളത്തിൽ പ്രതിസന്ധിയിലായ നിരവധി വൻകിട വ്യവസായ സ്ഥാപനങ്ങളും ചെറുകിട വ്യവസായ സ്ഥാപനങ്ങളും ഇന്ന്

വലിയ പ്രതിസന്ധിയിലായി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....പ്ലീസ്...

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. കെ.എസ്.ഇ.ബി.എൽ. കഴിഞ്ഞ വർഷം 1400 കോടി രൂപയുടെ പ്രവർത്തന ലാഭം കൈവരിച്ചെന്ന് അവകാശപ്പെടുമ്പോഴും സർക്കാർ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് ജനജീവിതം ദുസ്സഹമാക്കുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഞാൻ നേരത്തെ ഇദ്ദേഹം പറഞ്ഞതിനുള്ള മറുപടിയെല്ലാം സൂചിപ്പിച്ചു. കുടിശ്ശിക ചാർജ്ജ് വർദ്ധനയുമായി ബന്ധപ്പെട്ടതല്ല. കുടിശ്ശിക വരവിന്റെ കണക്കിലേ വയ്ക്കുന്നുള്ളൂ. അതുകൊണ്ട് ആ തരത്തിലൊരു നിർദ്ദേശം വച്ചത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. മൊത്തം കുടിശ്ശികയെക്കുറിച്ച് ഇവിടെ പറഞ്ഞു. അത് പിരിച്ചെടുക്കാനുള്ള ശക്തമായ നടപടികളെടുക്കുന്നുണ്ട്. 2011 മുതൽ 2016 വരെ മൂന്ന് തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 2012-ൽ 24 ശതമാനം, 2013-ൽ 9.1 ശതമാനം, 2014-ൽ 6.7 ശതമാനവുമാണ് വർദ്ധിപ്പിച്ചത്. ആകെ ആ കാലത്ത് 44.44

ശതമാനമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. ആരുടെ കാലമാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ? 2016 മുതൽ 2021 വരെ വൈദ്യുതി ചാർജ്ജ് രണ്ട് തവണ വർദ്ധിപ്പിച്ചു. 2017-ൽ 4.77 ശതമാനവും 2019-ൽ 7.32 ശതമാനവും ആകെ 12.44 ശതമാനം. 2022-ൽ നടത്തിയ ചാർജ്ജ് വർദ്ധനവ് 6.6 ശതമാനവുമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ ശതമാനമാണ് പറഞ്ഞത്. (....മൈക്ക് ഓഫ്.....)

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് എപ്പോഴും അങ്ങനെതന്നെയല്ലേ? ഇപ്പോൾ കെ.എസ്.ഇ.ബി.എൽ. പ്രൊപ്പോസൽ കൊടുത്തു. അതിൽ സർക്കാരിന്റെ കൂടി അഭിപ്രായം ചോദിച്ചതിനുശേഷമാണ് ഇത്രയും താഴ്ത്തിയെടുത്തത്. അതുകൂടി ആലോചിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സമയത്താണ് ഏറ്റവും കൂടുതൽ കൂട്ടിയത്. കോവിഡ് കാലത്ത് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസത്തിലെ ഫിക്സഡ് ചാർജ്ജ് ഡിമാന്റ് ചാർജ്ജിന്റെ 25 ശതമാനം ഇളവ് വ്യാവസായിക വാണിജ്യ ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും അനുവദിച്ചു. ബാക്കിയുള്ള തുക 75 ശതമാനം

പലിശരഹിതമായി അടയ്ക്കുന്നതിന് 15-12-2020 വരെ സാവകാശം നൽകി. 76.62 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. സിനിമാ തീയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ് ഡിമാന്റ് ചാർജ്ജിൽ 50 ശതമാനം ഇളവ് നൽകി. കൂടാതെ 2021 മേയ് മാസത്തിൽ ഫിക്സഡ് ചാർജ്ജ് ഡിമാന്റ് ചാർജ്ജിന്റെ വ്യാവസായിക-വാണിജ്യ ഉപഭോക്താക്കൾക്ക് 25 ശതമാനം ഇളവും സിനിമാ തീയേറ്ററുകൾക്ക് 50 ശതമാനം ഇളവും ബാക്കിയുള്ള തുക പലിശരഹിതമായി 3 തവണയായി അടയ്ക്കുന്നതിന് 30-09-2021 വരെ സാവകാശവും നൽകി. ഇതിലൂടെ 24.75 കോടി രൂപയുടെ ഇളവാണ് നൽകിയത്. ഗാർഹിക ഉപഭോക്താക്കൾക്ക് 20-04-2020 മുതൽ 19-06-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽത്തുകയേക്കാൾ കൂടുതലായി വന്ന ബിൽത്തുകയുടെ നിശ്ചിത ശതമാനം സബ്സിഡിയായി നൽകി. സംസ്ഥാനത്ത് നാളിതുവരെയായി കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 279.82 കോടി രൂപയുടെ സബ്സിഡി വിവിധയിനം ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. കോവിഡ് കാലത്ത് ഒന്നും നൽകിയില്ലെന്ന് പറയുന്നത് ശരിയല്ല. വൈദ്യുതി വിതരണത്തിലെ

കാര്യക്ഷമതയും ഈ മേഖലയിലെ പരിസ്ഥിതി സൗഹാർദ്ദ നടപടിയും വിലയിരുത്തി നീതി ആയോഗ് തയ്യാറാക്കിയ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനമാണ്. 2019-2020-ലെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. വൈദ്യുതി വിതരണ കമ്പനികളുടെ പ്രവർത്തന മികവ്, കുറഞ്ഞ ചെലവും, വിശ്വാസ്യതയും പരിസ്ഥിതി സൗഹാർദ്ദ നടപടികൾ, ഊർജ്ജിതക്ഷമത, പരിസ്ഥിതി സ്ഥിരത തുടങ്ങിയ സംരംഭങ്ങൾ എന്നിവ പരിഗണിച്ചാണ് സൂചിക തയ്യാറാക്കിയത്. ഭാരതത്തിലെ എല്ലാ ലോഡ് ഡിസ്പാച്ച് സെന്ററുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫോറം ഓഫ് ലോഡ് ഡെസ്പാച്ചേഴ്സ് ഏർപ്പെടുത്തിയ എൽ.ഡി.സി. എക്സലൻസ് ദേശീയ അവാർഡ് കെ.എസ്.ഇ.ബി.എൽ.-ന്റെ കളമശ്ശേരിയിലെ കേരള ലോഡ് ഡിസ്പാച്ച് സെന്ററിന് ലഭിച്ചു. ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളം മുമ്പിൽ, ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളം രണ്ടാമത്, കാർഷിക രംഗം, വൈദ്യുതി രംഗം, ഗതാഗതം, വ്യവസായിക രംഗം ഗാർഹിക മേഖലയിലെ നയപരമായ പ്രവർത്തനങ്ങൾ എന്നിവയിലെ ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനങ്ങൾ കണക്കിലെടുത്താണ്

രണ്ടാം സ്ഥാനത്തെത്തിയത്. പുരപ്പുറ സോളാർ നടപ്പിലാക്കുന്നതിന്റെ പ്രവർത്തന മികവിന് കെ.എസ്.ഇ.ബി.എൽ-ന് ഇ.ക്യൂ. ഇന്റർനാഷണൽ മാഗസിൻ ഏർപ്പെടുത്തിയ റൂഫ് ടോപ്പ് സോളാർ എനേബ്ലർ ഓഫ് ദി ഇയർ എന്ന അവാർഡ് ലഭിച്ചു. താപനിലയങ്ങളിൽ നിന്നുള്ള ഡിസൈൻ ബിൽഡ് ഫൈനാൻസ് ഓപ്പറേറ്റ് അടിസ്ഥാനത്തിൽ 880 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേക്ക് വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചു. ഒറ്റ ടെണ്ടറായി വിളിക്കുന്നതിന് പകരം 480 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് 05-03-2014-ലും 400 മെഗാവാട്ട് വാങ്ങുന്നതിന് 02-05-2014-ലും ടെണ്ടറുകൾ വിളിച്ചു. അത് ഏത് ഭരണകാലമെന്നുള്ളത് ഞാൻ പറയേണ്ടതില്ലല്ലോ? ലഭിച്ച ടെണ്ടറുകൾ കെ.എസ്.ഇ.ബി.എൽ. 866 മെഗാവാട്ട് വാങ്ങുന്നതിനുള്ള കരാറുകൾ 2014-2015-ൽ ഒപ്പുവച്ചു. ഒപ്പിട്ട കരാറുകളിൽ 300 മെഗാവാട്ട് വാങ്ങുന്നതിന് മാത്രമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് അധികാരമുള്ളത്. 566 മെഗാവാട്ട് വാങ്ങുന്നതിനുള്ള കരാറുകൾ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഗൈഡ്‌ലൈൻ പ്രകാരമുള്ള നടപടിക്രമങ്ങളിൽനിന്ന് കെ.എസ്.ഇ.ബി.എൽ. വ്യതിചലിച്ചതിനാൽ റെഗുലേറ്ററി കമ്മീഷൻ ഇതുവരെ

അനുമതി നൽകിയിട്ടില്ല. ബോർഡ് സർക്കാറിന് സമർപ്പിച്ച പ്രസ്തുത വിഷയം സംബന്ധിച്ച്... അന്നാണ് പർച്ചേഴ്സ് നടത്തിയത്. വിഷയം സംബന്ധിച്ച പ്രപ്പോസൽ പരിശോധിച്ച് ഊർജ്ജിത ശിപാർശകൾ സമർപ്പിക്കാൻ അഡീഷണൽ സെക്രട്ടറി, ഫിനാൻസ്, പ്രിൻസിപ്പൽ സെക്രട്ടറി, പവർ, സെക്രട്ടറി, നിയമം, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡ് ബിൽഡിംഗ് ഡോക്യുമെന്റ് വിധിന്യായങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കേണ്ടതില്ലെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഈ ദീർഘകാല കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഇതേ വ്യവസ്ഥകൾ ഒഴിവാക്കിയാൽ ഏകദേശം 800 കോടി രൂപയുടെ അധിക ബാധ്യതയൊഴിവാക്കാനാകും. കമ്മിറ്റിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിഷയം സർക്കാർ പരിശോധിച്ച് അന്തിമ തീരുമാനം ഉടൻ സ്വീകരിക്കുന്നതാണ്. അതിനുശേഷം കരാറുകളുടെ അംഗീകാരം സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. സംസ്ഥാന റെഗുലേറ്ററി കമ്മീഷനെ സമീപിക്കുന്നതാണ്. റെഗുലേറ്ററി കമ്മീഷന്റെ അംഗീകരാമില്ലാതെയുള്ള

വൈദ്യുതി വാങ്ങൽ കരാറുകൾമൂലം 2018-19, 2019-20 വർഷങ്ങളിൽ വൈദ്യുതി വാങ്ങിയ ഇനത്തിൽ 234 കോടി രൂപയുടെ ചെലവ് അധികമാണെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 21-06-2000-ലെ 22/22-ാം നമ്പർ ഉത്തരവിൽ സൂചിപ്പിക്കുന്നുണ്ട്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എഗ്രിമെന്റ് വച്ചത് ഏത് കാലത്താണെന്ന് ഞാൻ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ആ ബാധ്യതയിൽ നിന്നാണ് ഇത് വന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വഴങ്ങുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇല്ല. ചാർജ്ജ് വർദ്ധനവിന്റെ കാര്യത്തിൽ ഇതാണ് പറയാനുള്ളത്. മേൽസൂചിപ്പിച്ച കരാർ റദ്ദ് ചെയ്താൽ 800 കോടി രൂപയുടെ ഗുണം അടുത്ത വർഷം ലഭിക്കും. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മഹാമാരിക്കുശേഷം അതിന്റെ ആഘാതം എല്ലാവരുടെയും കുടുംബ ജീവിതത്തിലും വ്യക്തി ജീവിതത്തിലും സാമ്പത്തികമായ പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. മനുഷ്യൻ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന ഗതികെട്ടൊരു കാലത്താണ് ജീവിക്കുന്നത്. എല്ലാവരും കടക്കെണിയും ധാരാളം സാമ്പത്തിക പ്രശ്നങ്ങളും അനുഭവിക്കുകയാണ്. ജനപ്രതിനിധികളെന്ന നിലയിൽ എല്ലാ ദിവസവും നമ്മളെ കാണാൻ വരുന്ന ബഹുഭൂരിപക്ഷം ആളുകളും വിവിധ ബാങ്കുകളിലെ ജപ്തി നോട്ടീസുകളുമായി വരുന്നവരാണ്. വലിയ പ്രതിസന്ധിയിലൂടെയാണ് മനുഷ്യർ കടന്നുപോകുന്നത്. ഈ സമയം സർക്കാർ അവരെ ചേർത്തുനിർത്തേണ്ടതിന് പകരം ഇടിവെട്ടുകൊണ്ടവനെ പാമ്പുകടിച്ചുവെന്ന് പറയുന്നതുപോലെ അവന്റെ ഭാരത്തിനുമീതെ കൂടുതൽ ഭാരം കയറ്റി വയ്ക്കുന്ന സമീപനവുമായി പോകുന്നത് ശരിയാണോ? വൈദ്യുതി

ബോർഡുപോലെ ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിക്കുന്നത് തെറ്റാണെന്നൊന്നും ഞങ്ങൾ പറയുന്നില്ല. എൽ.ഡി.എഫ്-ന്റെ കാലത്തും യു.ഡി.എഫ്-ന്റെ കാലത്തും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. നമ്മൾ എപ്പോഴാണ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത്? ആ സ്ഥാപനത്തിന് സ്വന്തമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം വരുമ്പോൾ, വലിയ കടക്കെണിയിലാകുമ്പോൾ, ശമ്പളം നൽകാൻ കഴിയാതാകുമ്പോൾ, സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുമ്പോൾ അങ്ങനെ നിവൃത്തിയില്ലാതെ വരുമ്പോൾ ചാർജ്ജ് വർദ്ധിപ്പിക്കും. ഇവിടെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ കാരണം ഇതെല്ലാം പ്രശ്നമാണ്. മലയാള മനോരമ മാതൃഭൂമി പത്രങ്ങൾ ഇപ്പോൾ ക്വാട്ട് ചെയ്യാൻ കഴിയില്ല. കാരണം, നിങ്ങൾക്കാർക്കും ഒരു വിശ്വാസമില്ല. അതുകൊണ്ടാണ് ഈ വിഷയം അവതരിപ്പിച്ച ശ്രീ. അൻവർ സാദത്ത് ദേശാഭിമാനി ക്വാട്ട് ചെയ്തത്. 5 ദിവസം മുമ്പുള്ള ദേശാഭിമാനി പത്രമാണ് (പത്രം ഉയർത്തി കാണിച്ചു) 13-ാം തീയതിയിലെ പത്രമാണ്. അതിൽപ്പറയുന്നത്; കഴിഞ്ഞ

സാമ്പത്തിക വർഷം 1400 കോടി രൂപയുടെ പ്രവർത്തന ലാഭം കെ.എസ്.ഇ.ബി. നേടിയിരുന്നുവെന്നാണ്. നില ഭദ്രം നേടാം ലാഭം കെ.എസ്.ഇ.ബി. കേരളത്തിന്റെ ഊർജ്ജം എന്നാണ് ഇതിന്റെ തലക്കെട്ട്. ഈ വർഷം ശമ്പള-പെൻഷൻ ഇനങ്ങളിൽ കാര്യമായ വർദ്ധനവില്ല. ഭീമമായ സാമ്പത്തികച്ചെലവ് വരുന്ന വമ്പൻ പദ്ധതികളുമില്ല. അനുകൂല സാഹചര്യങ്ങൾ മുതലാക്കുന്നതിനൊപ്പം മികച്ച വൈദ്യുതി വിൽപ്പനയും സാമ്പത്തിക അച്ചടക്കവും സാധ്യമായാൽ തുടർച്ചയായ അഞ്ചാം വർഷവും പ്രവർത്തന ലാഭം കൈവരിക്കാനാവും. അഞ്ച് വർഷം ലാഭം! കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ് ബോർഡിനെ ലാഭ പാതയിലെത്തിച്ചത്. 2018-19-ൽ 208 കോടി, 2019-20-ൽ 166 കോടി 2020-21-ൽ 150 കോടി 2021-2022-ൽ 1400 കോടി രൂപയുമാണ് ലാഭം. തുടർച്ചയായി 5 കൊല്ലം ലാഭമുണ്ടാക്കുന്ന വൈദ്യുതി ബോർഡ്. ഒന്നുകിൽ ദേശാഭിമാനിയെ നിങ്ങൾ തള്ളിപ്പറയണം അത് തെറ്റാണെന്ന്. അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അവാസ്തവമാണെന്ന് പറയണം. മന്ത്രി സൂചിപ്പിച്ചത് ഈ വർഷമൊഴിച്ച് ബാക്കിയുള്ള വർഷമെല്ലാം ചെറിയ ചെറിയ നഷ്ടമുണ്ടെന്നാണ്. തുടർച്ചയായ

അഞ്ചാം വർഷവും ലാഭമുണ്ടാക്കാൻ പോകുന്നുവെന്ന് ദേശാഭിമാനി പറയുന്നു. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ ഏറ്റവും വിശ്വാസ്യതയുള്ള ഈ പത്രത്തെ ഞങ്ങൾ വിശ്വസിക്കണോ, ബഹുമാനപ്പെട്ട മന്ത്രിയെ ഞങ്ങൾ വിശ്വസിക്കണോ എന്നതാണ് ചോദ്യം. എല്ലാത്തിനും ഒരു യുക്തിവേണ്ടേ? മന്ത്രി ആദ്യം എന്താണ് പറഞ്ഞത്, ഇതൊക്കെ റെഗുലേറ്ററി കമ്മീഷനാണ് സർക്കാർ ഇടപെടുന്ന പ്രശ്നമില്ല. രണ്ടാമത്തെ മറുപടിയിൽ മന്ത്രി പറഞ്ഞു, ഞങ്ങൾ ഇടപെട്ടാണ് ഇത് കുറച്ചതെന്ന്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഒന്ന് വഴങ്ങാമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വഴങ്ങുന്നില്ല. ഞാൻ ഇത് തീർത്തോട്ടെ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തെറ്റായി പറയരുത്. അങ്ങ് ചോദിച്ചപ്പോൾ ഞങ്ങൾ അഭിപ്രായം പറഞ്ഞുവെന്നു മാത്രമേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ആദ്യമേ പറഞ്ഞു സർക്കാരിന് ഇതിൽ ഒരു കാര്യവുമില്ല റെഗുലേറ്ററി കമ്മീഷനാണുള്ളതെന്ന്. സർക്കാർ റഗുലേറ്ററി കമ്മീഷന് കൊടുത്തത് 18.18 ശതമാനം വർദ്ധനവ്

വേണമെന്നാണ്. റെഗുലേറ്ററി കമ്മീഷനാണ് അത് 6.6 ശതമാനമായി കുറച്ചത്. അത് ശ്രീ. അൻവർ സാദത്ത് ചൂണ്ടിക്കാട്ടിയപ്പോൾ പറഞ്ഞു; കുറച്ചത്, അതിൽ ഞങ്ങൾ ഇടപെട്ടിട്ടാണെന്ന് പറഞ്ഞു. നിങ്ങൾ 18 ചോദിച്ചിട്ട് പിന്നെ എങ്ങനെയാണ് കുറയ്ക്കാൻ ഇടപെടുന്നത്? ഇതിലെല്ലാം ഒരു യുക്തിയില്ലായ്മയുണ്ട്. വരുമാനം മിച്ചമുണ്ടാകുന്ന അവസരങ്ങളിൽ അതിന്റെ നേട്ടം വൈദ്യുതി നിയമമനുസരിച്ച് ഉപഭോക്താക്കൾക്ക് നൽകണമെന്നാണ്. യഥാർത്ഥത്തിൽ ഇപ്പോഴത്തെ കണക്കനുസരിച്ച് അതാണ് ഇവിടെ സൂചിപ്പിച്ചത്. 40 പൈസ യൂണിറ്റിന് കുറവ് നൽകേണ്ടുന്ന സമയമാണ്. വൈദ്യുതി നിയമം അതാണ്, ലാഭമുണ്ടാകുമ്പോൾ ലാഭത്തിന്റെ വിഹിതം ഉപഭോക്താക്കൾക്ക് തിരിച്ചുകൊടുക്കണമെന്നാണ്. ലാഭമുണ്ടാക്കുന്നുവെന്ന് ഒരു വശത്ത് അവകാശപ്പെട്ട് അതിന്റെ ക്രെഡിറ്റ് മുഴുവൻ എടുക്കുകയും കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കിയതിന്റെ അക്കൗണ്ടിൽ വൈദ്യുതി ബോർഡിനെക്കൂടി പെടുത്തുകയും, എന്നിട്ട് ആളുകളുടെ തലയിൽ ഭാരമടിച്ചേൽപ്പിക്കുന്ന സമയത്ത് ബോർഡ് വലിയ നഷ്ടത്തിലാണ്, പ്രതിസന്ധിയിലാണ്, പ്രശ്നമാണ് എന്ന് പറയുകയും ചെയ്യുന്നതിന്റെ

യുക്തിയെന്താണ്? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ സമ്മതിച്ചു. കുടിശ്ശികകൂടി കണക്കാക്കിയാണ് കൊടുത്തിരിക്കുന്നത്. പക്ഷേ, ഒരു പൊതുമേഖലാ സ്ഥാപനത്തെ നന്നായി കൊണ്ടുപോകുന്നതിനുവേണ്ടി കുടിശ്ശിക പിരിക്കണ്ടേ? കുടിശ്ശിക വലിയ തുകയിലേയ്ക്ക് പോകുകയാണ്. പബ്ലിക് സെക്ടറിന്റെ കുടിശ്ശികയുണ്ട്, സ്വകാര്യ സ്ഥാപനങ്ങളുടെ കുടിശ്ശിക ആയിരത്തിലധികം കോടിയുണ്ട്. ഇപ്പോൾ ആയിരം കോടി രൂപയുടെ ലാഭമാണ് നികുതി വർദ്ധനവിലൂടെ ഉണ്ടാക്കിയിരിക്കുന്നത്. ആയിരം കോടി രൂപ പിരിച്ചെടുത്താൽ പ്രതിസന്ധിയുണ്ടെങ്കിൽ അത് പരിഹരിക്കാൻ കഴിയും. 113 സ്ഥാപനങ്ങളിൽ അവരുടെ കുടിശ്ശിക ഒരു കോടി രൂപയിൽ കൂടുതലുണ്ട്. അത് പിരിച്ചെടുക്കുന്നതിൽ വൈദ്യുതി ബോർഡ് ദയനീയമായ പരാജയമായി മാറുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമല്ല, വ്യവസായങ്ങൾ വലിയ ഭീഷണികൾ നേരിടുകയാണ്. 6.6 ശതമാനമെന്ന് നമ്മൾ പറയുമ്പോൾ വ്യവസായ വകുപ്പ് ഇത് ശ്രദ്ധിക്കണം. ഹൈടെൻഷനും, എക്സ്ട്രാ ഹൈ ടെൻഷനും ഉപഭോക്താക്കൾക്ക്, ഉപഭോക്താക്കൾക്ക് ഇതിന്റെ ഇരട്ടിയാണ് ഇഫക്ട് വരുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഞാൻ ഒന്ന് പറഞ്ഞോട്ടേ.....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി അങ്ങ് രണ്ട് പ്രാവശ്യം സംസാരിച്ചു. Let me complete. വൈദ്യുതി ഇപ്പോൾ തന്നെ എച്ച്.എൻ.എൽ. ഏറ്റെടുക്കാൻ പോകുകയാണ്. എച്ച്.എൻ.എൽ-ന്റെ ഇപ്പോഴത്തെ കണക്കനുസരിച്ച് വൈദ്യുതി വർദ്ധനവ് 7 കോടി രൂപ അധികമായി നൽകേണ്ടിവരും. എഫ്.എ.സി.റ്റി.-ക്ക് 9 കോടി നൽകേണ്ടിവരും. പ്രധാനപ്പെട്ട സ്ഥാപനങ്ങളെല്ലാം നൽകണം. ഞാനും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും യൂണിയൻ നേതാക്കളായി ഇരിക്കുന്ന സ്ഥാപനങ്ങളാണ്. ആ സ്ഥാപനങ്ങളെല്ലാം പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുന്ന സാഹചര്യം വൈദ്യുതി ചാർജ്ജ് വർദ്ധനവ് മൂലമുണ്ടാകും. വലിയ പ്രതിസന്ധി തന്നെയാണ്. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യംപോലും ഇപ്പോൾ ബ്ലോക്കായിരിക്കുകയാണ്. വൈദ്യുതി ചാർജ്ജ് വർദ്ധനവോടുകൂടി പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ വ്യവസായ മേഖലാ സ്ഥാപനങ്ങളുമെല്ലാം വലിയ പ്രതിസന്ധിയിലേക്ക് പോകുകയാണ്. ഇതുമായി ബന്ധപ്പെടുമ്പോൾ അയൽ സംസ്ഥാനങ്ങളിൽ വർദ്ധനവ് വളരെക്കുറവാണ്.

കേരള കൗമുദി പത്രത്തിലെ ഒരു വാർത്തയ്ക്കെതിരായി വൈദ്യുതി ബോർഡിന്റെ ഒരു പരാമർശമുണ്ടായിരുന്നു. 500 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപഭോഗമുള്ളവരിൽനിന്നും 8072 രൂപ കേരളം വാങ്ങിക്കുമ്പോൾ തമിഴ്നാട്ടിൽ 2600 രൂപയാണ് വാങ്ങുന്നതെന്നൊരു വാർത്തയുണ്ടായിരുന്നു. ആ വാർത്ത തെറ്റാണെന്നാണ് വൈദ്യുതി ബോർഡ് ഇറക്കിയ പത്രക്കുറിപ്പിൽ പറഞ്ഞിരിക്കുന്നത്. തമിഴ്നാട്ടിൽ 500 യൂണിറ്റിന് മുകളിലുള്ളവർക്ക് 2600 രൂപയല്ല, 5000 രൂപയാണ് എന്നാണ്. അപ്പോൾ വ്യത്യാസം എത്രയാണ്? ഏകദേശം 3700 രൂപയിൽ കൂടുതലായി. അതാണ് ഇവിടത്തെ വ്യത്യാസം. അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വലിയ വ്യത്യാസമുണ്ടാകുന്നു. ഈ അനാസ്ഥയും കെടുകാര്യസ്ഥതയും കാരണം എത്ര കോടി രൂപയുടെ നഷ്ടമാണ് വരുത്തിയത്? യു.ഡി.എഫ്. ഭരണകാലത്താണ് പവർ പർച്ചേസ് വന്നതെന്ന് പറയുകയുണ്ടായി. യു.ഡി.എഫ്.കാലത്ത് പവർ പർച്ചേസ് എഗ്രിമെന്റിന് ഒപ്പുവച്ചെങ്കിലും റെഗുലേറ്ററി കമ്മീഷൻ അതിന് അംഗീകാരം കൊടുത്തിട്ടില്ല. സമീപകാലത്ത് യൂണിയൻ നേതാക്കളും ഓഫീസേഴ്സ് സംഘടനയുടെ ആളുകളും ഇടപെട്ട് ബോർഡിന് നഷ്ടം വരുത്തുന്ന

തരത്തിലുള്ള പർച്ചേസ് എഗ്രിമെന്റ് നടത്തിയെന്നാണ് ചെയർമാൻ പറഞ്ഞത്. അത് കോടികളുടെ നഷ്ടം ബോർഡിനുണ്ടാക്കിയിരിക്കുന്നുയെന്നാണ്. വൈദ്യുതി ബോർഡ് ചെയർമാൻ/ സർക്കാരിലെ ഒരു ഉദ്യോഗസ്ഥൻ ഉത്തരവാദിത്വത്തോടുകൂടി പറഞ്ഞതാണ്. നിങ്ങളുടെ ഓഫീസേഴ്സ് സംഘടന ഇടപെട്ടിട്ടാണ് ഇതെല്ലാം ചെയ്തതെന്നാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ഈ ഓഫീസേഴ്സ് സംഘടനയുടെ നേതാവാണ്, ട്രാൻസ് ഗ്രിഡ് പദ്ധതിക്കുവേണ്ടി കുടപിടിച്ചുകൊടുത്തത്. എത്ര കോടി രൂപയുടെ നഷ്ടം ആ ട്രാൻസ് ഗ്രിഡ് പദ്ധതികൊണ്ട് വൈദ്യുതി ബോർഡിനുണ്ടായി; കിഫ്ബിക്ക് പണം തിരിച്ചടയ്ക്കണ്ടേ? അയ്യായിരം കോടി രൂപ ആദ്യഘട്ടത്തിൽ പദ്ധതിയിൽത്തന്നെ ആയിരം കോടി രൂപയുടെ നഷ്ടം വൈദ്യുതി ബോർഡിനുണ്ടായി. അത് കിഫ്ബിക്ക് തിരിച്ചുകൊടുക്കേണ്ട പൈസയാണ്. വലിയ ക്രമക്കേടുകളാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ നടന്നത്. നിങ്ങൾ ചെയർമാനെ മാറ്റിയത് എന്തിനാണ്? ഭരണസൗകര്യത്തിനുവേണ്ടി മാറ്റി. ഗവൺമെന്റിന് അത് മാറ്റാം. പക്ഷേ, ഇവിടെയെല്ലാവർക്കും എന്തുകൊണ്ടാണ് മാറ്റിയതെന്ന്

അറിയാം. അവിടെ വീണ്ടും ഈ ഓഫീസർമാരുടെ സംഘടന ഭരിക്കുകയാണ്. അവിടെയുള്ള ചെയർമാൻ അതിനെ നിയന്ത്രിച്ചപ്പോൾ ഞാൻ കരുതിയത് ബഹുമാനപ്പെട്ട മന്ത്രിയുടെ വലിയ പിന്തുണ അദ്ദേഹത്തിനുണ്ടെന്നാണ്. പക്ഷേ, ഗവൺമെന്റ് മാറ്റിക്കഴിഞ്ഞാൽ അങ്ങേയ്ക്ക് ഒന്നും ചെയ്യാൻ പറ്റാതെ നിസ്സഹായനായി നിൽക്കുകയാണ്. അദ്ദേഹം ഉന്നയിച്ച ആരോപണമെന്താണ്? അവിടെ ഓഫീസർമാരുടെ സംഘടന ഭരിക്കുന്നുവെന്നാണ്. സർക്കാരിന്റെ അനുമതിയില്ലാതെ 1200 കോടി രൂപയുടെ അധിക ബാധ്യത വരുത്തുന്ന ശമ്പള പരിഷ്കരണം നടപ്പിലാക്കി. കെ.എസ്.ഇ.ബി.എൽ. സോഫ്റ്റ്‌വെയറിൽനിന്ന് ഉപഭോക്താവിന്റെ വിവരം ചോർത്തി അവരുടെ ബാങ്ക് അക്കൗണ്ടിൽനിന്ന് പണം തട്ടുന്നു. ഇത് ഗൗരവതരമായ കാര്യമാണ്. ടെണ്ടറിന്റെ വിശദാംശങ്ങൾ കരാറുകാർക്ക് ചോർത്തി കൊടുക്കുന്നു. ഇത് എന്താണ്? കോടിക്കണക്കിന് രൂപയുടെ കരാറാണ് കെ.എസ്.ഇ.ബി.എൽ.-ൽ നടക്കുന്നത്. ടെണ്ടർ പ്രോസസ്സിംഗിന്റെ ഇടയിൽ ടെണ്ടർ തുകയുൾപ്പെടെയുള്ള ഏറ്റവും സീക്രട്ടായ ഡോക്യുമെന്റ്സ് അവിടെനിന്ന് ചോർത്തികൊടുക്കുന്നു. അതുപോലെ, ഫുൾബോർഡോ,

മാനേജ്മെന്റോ അറിയാതെ പന്ത്രണ്ട് കോടി രൂപ ആവർത്തന ചെലവിൽ 90 ഉദ്യോഗസ്ഥരെ വാട്സാപ്പ് സന്ദേശം വഴി നിയമിച്ചു. പണ്ടൊരു മന്ത്രി സിഗരറ്റ് കവറിൽ അപ്പോയിന്റ്മെന്റ് ഓർഡർ എഴുതി കൊടുക്കുമെന്ന് കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരൊന്നും ഞാനിവിടെ പറയുന്നില്ല. 12 കോടി രൂപയുടെ റെക്കറിംഗ് എക്സ്പെൻസ് കെ.എസ്.ഇ.ബി.എൽ.-ന് വരുന്ന തരത്തിൽ 90 ഉദ്യോഗസ്ഥരെ വാട്സാപ്പ് സന്ദേശം വഴി ഇപ്പോൾ നിയമിച്ചു. അക്കാര്യം ബോർഡിലുള്ള ആരും അറിഞ്ഞിട്ടില്ല. എന്താണ് അവിടെ നടന്നത്? ഇത്രമാത്രം ക്രമക്കേടുകളും അഴിമതിയും നടക്കുന്ന ഒരു കാലഘട്ടം കഴിഞ്ഞ ആറുവർഷമായി ഉണ്ടായിട്ടില്ല. കഴിഞ്ഞ അഞ്ചുവർഷം അത് അതിന്റെ ഏറ്റവും പാരമ്യത്തിലായിരുന്നു. ഏറ്റവും കൂടുതൽ കുഴപ്പങ്ങളും അഴിമതിയും ക്രമക്കേടുകളും കൂടുതൽ നടന്ന, എല്ലാ നടപടിക്രമങ്ങളും പാലിക്കാതെ വഷളായി നിന്ന ഒരു കാലഘട്ടമായിരുന്നു അത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അടിയന്തരപ്രമേയത്തിൽ ഉൾപ്പെടാത്ത കാര്യങ്ങളാണ് അങ്ങ് പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അടിയന്തര പ്രമേയ നോട്ടീസ്

അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച ശ്രീ. അൻവർ സാദത്ത്, ചെയർമാൻ പറഞ്ഞ കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഞങ്ങൾ ഇത് എന്തിനാണ് പറയുന്നത്? ഇതിന്റെയെല്ലാം ബാധ്യത സാധാരണക്കാരന്റെ തലയിൽ നിങ്ങൾ കെട്ടിവയ്ക്കുകയാണ്. അവിടെ നടക്കുന്ന എല്ലാ വൃത്തികേടുകൾക്കും രാഷ്ട്രീയമായി പിന്തുണകൊടുത്ത് കുടപിടിച്ച് കൊടുക്കുന്നതുകൊണ്ടാണ് നിങ്ങളുണ്ടാക്കിയ ക്രമക്കേടും അഴിമതിയും നിയന്ത്രിക്കാൻ കഴിയാത്തത്. ഇതെല്ലാം ചോദ്യം ചെയ്ത ഉദ്യോഗസ്ഥനെയല്ലേ നിങ്ങൾ സ്ഥലം മാറ്റിയത്? അഴിമതിക്കാരനല്ലാത്ത, അഴിമതിയുടെ കറ പുരളാത്ത ഒരുദ്യോഗസ്ഥൻ ഇതെല്ലാം ചോദ്യം ചെയ്തു. ഇതൊന്നും ചെയ്യരുത്, ഈ സ്ഥാപനത്തെ നിങ്ങൾ നശിപ്പിക്കുമെന്നും തകർക്കുമെന്നും പറഞ്ഞ ഉദ്യോഗസ്ഥനെ മാറ്റി. നിങ്ങൾ അഴിമതിക്കാരെ അവിടെ സംരക്ഷിച്ചു. അതിന്റെ പാപഭാരം കഷ്ടപ്പെടുന്ന കേരളത്തിലെ സാധാരണക്കാരും പാവപ്പെട്ടവരും കടക്കെണിയിലുമായ ജനങ്ങളുടെ തലയിൽ നിങ്ങൾ കെട്ടിവയ്ക്കുന്നു. അതുകൊണ്ട് അശാസ്ത്രീയമായ, ഒരു തരത്തിലും നടപ്പാക്കാൻ പാടില്ലാത്ത ഒരു വൈദ്യുതി നിരക്ക് വർദ്ധനവാണ് ഇവിടെയുണ്ടാക്കിയിരിക്കുന്നത്. ഞാൻ ഹൈഡൽ ടൂറിസം പദ്ധതിയിലുൾപ്പെടെ

നടന്ന കാര്യങ്ങളും സ്വന്തക്കാർക്ക് കൊടുത്ത കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. വൈദ്യുതി ബോർഡിന്റെ സ്ഥലം അന്നത്തെ പലരുടെയും സ്വന്തക്കാരുടെ കയ്യിലാണ് ഇപ്പോൾ ഇരിക്കുന്നത്. അതൊക്കെ അങ്ങ് അന്വേഷിക്കണം. ആ ബോർഡ് തകർന്ന് സർവ്വനാശത്തിലേയ്ക്ക് പോകുകയാണ്. ഈ അവസരത്തിൽ ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്ന ഈ അനാവശ്യമായ, അനവസരത്തിലുള്ള, അശാസ്ത്രീയമായ ഈ വൈദ്യുതി ചാർജ്ജ് നിരക്കിനെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പവർ ജനറേഷനായാലും ഡിസ്ട്രിബ്യൂഷനായാലും എന്തായാലും കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രശ്നങ്ങൾ ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം തന്നെയാണ്. കാരണം, നമ്മുടെ സംസ്ഥാനത്തിന്റെ ഏക പവർ സോഴ്സാണ് ഹൈഡൽ. അവിടെ ഇത്രയ്ക്ക് നിലനിൽപ്പില്ലാത്ത സ്ഥിതി

ഇലക്ട്രിസിറ്റി ബോർഡിനുണ്ടെന്ന് വാർത്തകൾ കുറെദിവസങ്ങളായി വന്നുകൊണ്ടിരിക്കുകയാണ്. കാരണം, നഷ്ടം കുമിഞ്ഞുകൂടുന്നു. പ്രവർത്തന ലാഭമെന്ന് പറയുന്നതിൽ ഒരു കാര്യവുമില്ല. അത് ഓരോ വർഷത്തെയും കണക്കിന്റെ അഡ്ജസ്റ്റ്മെന്റിലൂടെയുണ്ടാക്കാവുന്ന കാര്യങ്ങളാണത്. ഭരണ മികവിലൂടെ മാത്രമേ ഇലക്ട്രിസിറ്റി ബോർഡിനെ മികച്ച പ്രവർത്തനത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുകയുള്ളൂ. ശ്രീ. ബി. അശോക് എന്റെ കൂടെ വർക്ക് ചെയ്തിട്ടുള്ളതാണ്. അദ്ദേഹം വളരെ കർശനക്കാരനും മാനേജ്മെന്റിൽ വിദഗ്ധനും കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്തയാളുമാണ്. അങ്ങനെയൊരാൾ ഇലക്ട്രിസിറ്റി ബോർഡിൽവന്ന് കാര്യങ്ങൾ നിയന്ത്രിക്കുന്നത് ഈ സമയത്ത് നല്ലതായിരുന്നു. വ്യവസായങ്ങളിൽ ഗ്രൈൻഡിംഗ് ഹാൾട്ട് എന്നുപറയും, എന്നുപറഞ്ഞാൽ കുറേക്കാലം ഇങ്ങനെ പോയിക്കഴിഞ്ഞാൽ, ആരുവിചാരിച്ചാലും പിന്നെയത് നടത്താൻ കഴിയാതെ ഗ്രൈൻഡിംഗ് ഇരച്ചുനിൽക്കും. രണ്ട് തലയും തീരെ മുട്ടാതെ എത്രകാലം മുന്നോട്ട് പോകും. കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ അനുഭവിക്കുന്നതുപോലെ പണം കൊടുക്കാൻ ഗവൺമെന്റിന് കഴിയാത്ത സ്ഥിതി വന്നാൽ കേരളം ഇരുട്ടിലാകും.

മികച്ച മാനേജ്മെന്റ്, റെഗുലേറ്ററി കമ്മീഷൻ എന്നെല്ലാം പറഞ്ഞിട്ട് കാര്യമില്ല. മികച്ച മാനേജ്മെന്റിലൂടെ മാത്രം ഇലക്ട്രിസിറ്റി ബോർഡിനെ നല്ല പ്രവർത്തനത്തിലേയ്ക്ക് കൊണ്ടുവരികയെന്നത് ഏറ്റവും വലിയ പ്രയോരിറ്റിയാകണം. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല അല്ലെങ്കിൽ ഇതിന്റെ പ്രവർത്തനം നിന്നുപോകും. അവിടെ നടക്കുന്നതൊക്കെ വീണ്ടും അതേപടി നടക്കാൻ വിട്ടുകൊടുത്തിരിക്കുകയാണെന്ന ഇംപ്രഷനാണ് ഇപ്പോൾ വന്ന മാറ്റത്തിലൂടെ വരുന്നത്. അത് സംസ്ഥാനത്തിന് അപകടകരമാണ്. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമാണിത്. വൈദ്യുതി ചാർജ്ജ് വർദ്ധനവാണ് എളുപ്പവഴി. ഇന്ന് രാവിലെ ജി.എസ്.ടി.-യുടെ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. അരിയുൾപ്പെടെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും വീണ്ടും വലിയ ടാക്സ് വരാൻ പോകുകയാണ്. സംസ്ഥാന ഗവൺമെന്റ് എങ്ങനെയത് ചെറുക്കുമെന്ന് അറിഞ്ഞുകൂടാ. അത് വിശദമായി സഭ ചർച്ച ചെയ്യേണ്ട വേറെ വിഷയമാണ്. അതിന്റെകൂടെ ആളുകളുടെ ജീവിതത്തിൽ വലിയ വ്യത്യാസം വരുത്തുന്ന ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിക്കൽകൂടി വന്നാൽ ജനങ്ങൾ എങ്ങനെ നിൽക്കും? വളരെ ഗൗരവമുള്ള

വിഷയമാണിത്. മികച്ച മാനേജ്മെന്റ് ഇലക്ട്രിസിറ്റി ബോർഡിനുണ്ടാക്കുന്നതിനായി സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും സഹകരിക്കേണ്ട വിഷയമാണിത്. അല്ലെങ്കിൽ ഇത് ജനങ്ങളുടെ വയറ്റത്തടിക്കും. ജി.എസ്.ടി.-യുടെ പ്രശ്നം ഗൗരവമായി വരാൻപോകുന്നതേയുള്ളൂ. നിത്യോപയോഗ സാധനങ്ങളുടെ, നിത്യവും ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളെല്ലാം കൈവിട്ട് പോയാൽ കോവിഡിനുശേഷമുള്ള ഈ അവസ്ഥയിൽ സാധാരണക്കാരന് എവിടെനിന്നാണ് വരുമാനമുണ്ടാകുന്നത്? വളരെ ഗൗരവമുള്ള ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. ഇപ്പോഴല്ലെങ്കിൽ പിന്നെയാണെങ്കിലും ചർച്ച ചെയ്യണം. ഈ വിഷയം ഇപ്പോൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. മേൻസ് ജോസഫ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റവുംമൂലം ജനങ്ങൾക്ക് താങ്ങാനാവാത്ത ജീവിത സാഹചര്യങ്ങളും അതിലൂടെ അവർ വഴി മുട്ടിനിൽക്കുകയും ചെയ്യുന്ന അവസ്ഥയിലാണ്. ഈ പ്രതിസന്ധിഘട്ടത്തിൽ ഗവൺമെന്റ് ആശ്വാസ നടപടികൾ സ്വീകരിച്ച് ജനങ്ങളെ സഹായിക്കേണ്ട സമയമാണ്. മറ്റ് സംസ്ഥാനങ്ങൾപോലും സാദ്ധ്യമായ സഹായങ്ങൾ ഓരോ രംഗത്തും മുൻപന്തിയിൽനിന്ന് ചെയ്യാൻ ശ്രമിക്കുകയാണ്. ഇങ്ങനെ പ്രതിസന്ധി അനുഭവിക്കുന്ന ഒരു സമയത്ത് ജനങ്ങളുടെ മേൽ അധിക ഭാരം അടിച്ചേൽപ്പിക്കുന്ന നടപടിയിലേയ്ക്ക് ഗവൺമെന്റ് വരുന്നത് ഏറ്റവും ജനവിരുദ്ധമായ, ജനാധിപത്യ വിരുദ്ധമായ നടപടിയാണ്. ഇപ്പോൾ ആളുകൾക്ക് ആശ്വാസം നൽകുന്നതിനുപകരം ഈ സമയത്ത് വൈദ്യുതി ചാർജ്ജ് വർദ്ധനവ് അടിച്ചേൽപ്പിച്ചത് ഏറ്റവും വലിയ അനീതിയാണ്. ജനങ്ങൾക്ക് ഇതുമൂലമുള്ള ബുദ്ധിമുട്ടുകളാണ് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇപ്പോഴും സ്വയം സംരഭകത്വം വ്യവസായരംഗത്ത് കൂടുതൽ പ്രോൽസാഹനം നൽകാൻ

പ്രവാസികളും നാട്ടിലുള്ളവരും എല്ലാവരും മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്. എങ്ങനെ കേരളത്തിൽ ആളുകൾക്ക് മുന്നോട്ടുവരാൻ സാധിക്കും?വ്യവസായങ്ങൾ ചെറുതോ വലുതോ ആകട്ടെ, ഇലക്ട്രിസിറ്റിയാണ് ഏറ്റവും പ്രധാനപ്പെട്ടത്. അതിന് അന്യായമായ നിരക്ക് വർദ്ധനവുവന്നാൽ ആരും ഇങ്ങോട്ട് വരാനും ഇതിനൊന്നും മുന്നോട്ടുവരാനും തയ്യാറാകില്ല. അതുകൊണ്ട് ഗവൺമെന്റ് വൈദ്യുതി ചാർജ്ജ് വർദ്ധനവ് പുനഃപരിശോധിക്കണം. പാവപ്പെട്ട ജനങ്ങളെ സഹായിക്കണം. പ്രവാസികളടക്കം കേരളത്തിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ സാധിക്കുന്ന സാഹചര്യം ഗവൺമെന്റ് ഉണ്ടാക്കണം. അതിന് ഒരു തുറന്ന ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകുന്നതിനുപകരം നിഷേധാത്മക നിലപാട് സ്വീകരിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സർക്കാരിന്റെ വിവിധ

ഡിപ്പാർട്ടുമെന്റുകളിൽനിന്നും വൻകിട സ്ഥാപനങ്ങളിൽനിന്നും 2,771.14 കോടി രൂപയാണ് കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ളത്. സാധാരണക്കാരൻ ബില്ലടയ്ക്കാൻ മൂന്ന് ദിവസം വൈകിയാൽ ഫ്യൂസ് ഊരുകയാണ് ചെയ്യുന്നത്. ഇത്രയും വലിയ തുക വൻകിടക്കാരുടെ കയ്യിൽനിന്നടക്കം പിരിച്ചെടുക്കാൻ സാധിക്കാത്തത് വലിയ വീഴ്ചതന്നെയാണ്. അതിന്റെ കൂടെയാണ് വൈദ്യുതചാർജ്ജ് വർദ്ധനവ് ഇരുട്ടടിയായി ജനങ്ങളുടെ തലയിൽകെട്ടിവച്ചിരിക്കുന്നത്. ഇത് അംഗീകരിക്കാൻ കഴിയുന്നയൊന്നല്ല. ഇപ്പോഴത്തെ പ്രതിസന്ധിയും വിഷയങ്ങളും സാമൂഹ്യമായുള്ള ഒറ്റപ്പെടലുകളും സാമ്പത്തിക പ്രതിസന്ധിയും കോവിഡാനന്തര പ്രശ്നങ്ങളുമൊക്കെ നിലകൊള്ളുന്ന ഒരു സന്ദർഭത്തിൽ ഈ ഒരു നീക്കത്തിലേയ്ക്ക് ഗവൺമെന്റ് പോയത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല. നിങ്ങളുടെ ഭാഷ്യത്തിൽത്തന്നെ വലിയ ലാഭത്തിലേയ്ക്ക് വൈദ്യുതി ബോർഡ് അടക്കം കടന്നുവരുന്ന സന്ദർഭത്തിലാണ് നേരെ വിപരീതമായ ഒരു തീരുമാനം ഇന്നിവിടെ നടപ്പിലാക്കിയിരിക്കുന്നത്. ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച്, ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട്

ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, വൈദ്യുത മേഖലയിൽ 2,771.14 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ഇതൊക്കെ നിലനിൽക്കുന്ന സമയത്ത് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം കൂടാതെതന്നെ സ്വകാര്യ മേഖലയിൽനിന്ന് വൈദ്യുതി വാങ്ങുകയും ചെയ്യുന്നു. ഇതൊക്കെ സാധാരണ ജനങ്ങൾക്കാണ് വലിയ തോതിൽ ബുദ്ധിമുട്ടുണ്ടാക്കുന്നത്. അവരാണ് ഈ ഭാരം മുഴുവൻ സഹിക്കേണ്ടിവരുന്നത്. ഗൗരവമേറിയ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ പ്രസ്താവന നടത്തിയ ശേഷം സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)